ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിൽ ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ഇപ്പോൾ കമ്മിറ്റികൾ നിലവിലുണ്ട്. ഈ കമ്മിറ്റികൾ നിലവിലുള്ള സാഹചര്യങ്ങൾ വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതായി ജില്ലാകളക്ടർമാർ കാലകാലങ്ങളിൽ സർക്കാരിനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് വ്യാജമദ്യ വിപത്തിനെതിരെ ബോധവത്ക്കരണത്തിനും മറ്റുമായി ധനസഹായവും നില്കിവരുന്നുണ്ട്. ഈ സഹാചര്യത്തിൽ പഞ്ചായത്ത് തോറും ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**റെയ്ഡിലൂടെ പിടിച്ചെടുക്കുന്ന സ്പിരിറ്റ്**

**30 (2478)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റെയ്ഡിലൂടെ പിടിച്ചെടുക്കുന്ന സ്പിരിറ്റ് സർക്കാർ എന്താണ് ചെയ്യുന്നത് ; വിശദീകരിക്കാമോ ?

ഉത്തരം

റെയ്ഡിലൂടെ പിടിച്ചെടുക്കുന്ന സ്പിരിറ്റിന്റെ സാമ്പിൾ കെമിക്കൽ ലബോറട്ടറിയിൽ അയച്ച് പരിശോധിച്ച് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് അതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റിന് സമർപ്പിച്ച് അനുമതി വാങ്ങിയശേഷം ഇക്കാര്യത്തിൽ സർക്കാർ നിയോഗിച്ചിട്ടുള്ള ഡിസ്പോസൽ കമ്മിറ്റി മുമ്പാകെ തീരുമാനത്തിനുവേണ്ടി സമർപ്പിക്കുന്നു. കമ്മിറ്റിയുടെ തീരുമാനത്തിനുവിധേയമായി ഉപയോഗയോഗ്യമായ സ്പിരിറ്റ് അംഗീകൃത ഡിസ്റ്റിലറികൾ, ബ്ലൻഡിങ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ എന്നീ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് വില്ക്കുകയും ഉപയോഗയോഗ്യമല്ലാത്തതും ആവശ്യക്കാരില്ലാത്തതും ആയ സ്പിരിറ്റ് നശിപ്പിച്ചു കളയുകയും ചെയ്യുന്നു.

**അബ്കാരി കേസുകളുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട വാഹനങ്ങൾ**

**31 (2479)** ശ്രീ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അബ്കാരി കേസുകളുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതൊക്കെ സ്ഥലങ്ങളിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും ഏതൊക്കെ വാഹനങ്ങളാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(സി) ഇതിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് നേരിട്ട് പിടിച്ച വാഹനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly